പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1165

13.6.2013- ൽ
മറുപടിക്ക്

## തണ്ണീർമുക്കം പഞ്ചായത്തിലെ ചകിരി അലിമില്ലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ചേർത്തല തണ്ണീർമുക്കം പഞ്ചായത്തിൽ ചകിരി അലിമില്ലുകൾ ഹൈക്കോടതി ഇടപെട്ട് പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി)ചകിരി പിരിമേഖല ഇതുമൂലം സ്തംഭനാവസ്ഥ നേരിടുകയാണെന്നും ചകിരിപിരി തൊഴിലാളികൾ പട്ടിണിയിലാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ചകിരി അലിമില്ലുകളുടെ സ്തംഭനാവസ്ഥ മൂലം അവിടെ തൊഴിലെടുത്തിരുന്ന തൊഴിലാളികൾ തൊഴിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി) ഈ വിഷയത്തിൽ അടിയന്തിരമായി ഇടപെടുമോ എന്നും ഹൈക്കോടതി ഇടപെടൽമൂലം തൊഴിൽ ചെയ്യാനാവാത്ത ചകിരിപിരി തൊഴിലാളികൾക്ക് സാമ്പത്തിക സഹായവും സൗജന്യറേഷനും നൽകാൻ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കുമോ? | (സി) ചകിരി അലിമില്ലുകൾ മലിനീകരണം ഉയർത്തുന്നു എന്ന പരാതിയെ സംബന്ധിച്ച് ചർച്ച ചെയ്യാൻ മലിനീകരണ നിയന്ത്രണ ബോർഡ്, പഞ്ചായത്ത് അധികൃതർ, തൊഴിലാളി സംഘടന നേതാക്കൾ എന്നിവരുടെ യോഗം വിളിച്ച് ചേർത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് മലിനീകരണം ഒഴിവാക്കുന്നതിന് ആധുനിക രീതിയിലുള്ള ട്രീറ്റുമെന്റ് പ്ലാന്റോടുകൂടി കേന്ദ്രീകൃതമായി കയർ തൊഴിലാളികൾക്ക് ചകിരി അലിച്ച് നൽകുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിച്ചുവരുന്നു. ചകിരിപിരി തൊഴിലാളികൾക്ക് സാമ്പത്തിക സഹായവും സൗജന്യ റേഷനും നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ